

# സാമീപ്യം

ജ്ഞാനദാസ്

K-43-7

# സാമീപ്യം.

L. F. NOVITIATE
2.00
KARUKUTTY

ജ്ഞാനദാസ്

(ബഥനി പ്രസിദ്ധീകരണങ്ങൾ)

L. F. NOVITIATE LIBRARY
No. D-14
KARUKUTTY

— ബഥനി പബ്ലിക്കേഷൻസ് —
ബഥനി ജനറലേററ്,
കോട്ടയം — 10
ഇന്ത്യ
B. P. No. 7

18936
meditations

# SAMEEPYAM

( Malayalam )

By

GNANADAS

First Published: January 1981

Rights Reserved.

Distribution:

Bethany Publications,

Kottayam - 10.

Cover design:-

Sanjose Tiruvalla.

Printed at

Chitra Press, Tiruvalla-India.

Price Rs. 2.

"I am certain that priceless wealth is in thee
and thou art my best friend
But I have not the heart to sweep away
the tinsel that fills my rooms.
I hate it, yet I hug it in love".

— *Tagore.*

**ജ്ഞാനദാസ് കൃതികൾ:**

1 ഓളങ്ങൾ 1976
2 തിരുമുമ്പിൽ 1978
3 സന്നിധാനം 1979
4 സാമീപ്യം 1981

ആമുഖമായിട്ടൊന്നും പറയാതിരിക്കുന്ന താണ് ഭംഗി എന്നു തോന്നുന്നു. പറയേ ണ്ടതൊക്കെ എന്റെ ഗുരുഭൂതൻ പറഞ്ഞി ട്ടുണ്ട്. 'സാമീപ്യ'ത്തിലേക്ക് എല്ലാവ രേയും ഞാൻ ക്ഷണിക്കമാത്രം ചെയ്യുന്നു

സ്നേഹമുള്ള എന്റെ പിതാവ് കാലയ വനികയ്ക്കുള്ളിൽ മറഞ്ഞിട്ട് രണ്ടു വർ ഷമാകാൻ പോകുന്നു. കവിതാ വാസന എന്നിൽ അങ്കുരിപ്പിച്ചത് ഇച്ചായനാണ്. ഇച്ചായൻ കവിയായിരുന്നു—അറിയപ്പെ ടാത്ത കവി. സഹ്യന്റെ നെറുകയിലും മടിത്തട്ടിലും അദ്ദേഹമെഴുതിയ കവിത കൾ ഇന്നും ഏലക്കായുടേയും കാപ്പി പ്പൂവിന്റേയും സുഗന്ധം പരത്തിനി ല്ക്കുന്നു. പ്രകൃതിയുടെ വിരിമാറിൽ അദ്ദേഹമെഴുതിയ കവിതകൾ തന്നെയാ യിരിക്കട്ടെ അദ്ദേഹത്തിന് അനശ്വരമായ സ്മാരകങ്ങൾ! അശ്രുപൂജ ചെയ്തു കൊണ്ട്, സ്വാതന്ത്ര്യദാഹിയും സ്നേഹ സമ്പന്നനുമായിരുന്ന എന്റെ ഇച്ചായനെ ഞാൻ അനുസ്മരിക്കമാത്രം ചെയ്യുന്നു.

എൻെറ കൃതജ്ഞത അർഹിക്കുന്നവർ ധാരാളമാണ്. അന്വേഷണത്തിനിടയ്ക്ക് കണ്ടുമുട്ടുന്ന ഓരോ വ്യക്തിയും സ്വർഗ്ഗീയമായ ഒരനുഭൂതി എനിക്കു പ്രദാനം ചെയ്യുന്നു. അർഹിക്കുന്നതിലധികം സ്നേഹവും പ്രോൽസാഹനവും നല്കുന്നു. ആരോടും നന്ദിപറഞ്ഞ് കടപ്പാട് തീർക്കുന്നില്ല. അനുഗ്രഹം യാചിക്ക മാത്രം ചെയ്യുന്നു.

പ്രൊഫ. N. S. സെബാസ്ററ്യൻ,
പ്രൊഫ. ജോസഫ് അഞ്ചനാട്ട്.

രണ്ടുപേരും എൻെറ ഗുരുക്കൻമാരാണ്. അവരുടെ വാത്സല്യവും പ്രോൽസാഹനവും എൻെറ അവകാശമാണെന്നു ഞാൻ വിശ്വസിക്കുന്നു. അവരുടെ മുമ്പിൽ ഭക്തിയോടെ കൈകരം കൂപ്പുക മാത്രം ചെയ്യുന്നു.

ഇതിലെ കവിതകളെക്കുറിച്ച്:

എൻെറ ഓലപ്പുരയുടെ കണ്ണാായങ്ങരംക്കിടയിലൂടെ കടന്നുവന്ന പ്രകാശരശ്മികരം മൺഭിത്തിയിൽ എന്തോ എഴുതി.... അതു വായിക്കാൻ ശ്രമിച്ചപ്പോരം ഈ കവിതയുണ്ടായി. രജനിക്കു മാത്രം അതറിയാം.

— ജ്ഞാനദാസ്.

# അവതാരിക

സന്ന്യാസിയും കവിയുമായ ജ്ഞാന ദാസ് തന്റെ നാലാമത്തേതായ ഈ ഗ്രന്ഥസന്താനത്തെ അവതരിപ്പിക്കുന്നതിന്, മേൽപ്പറഞ്ഞ രണ്ടു മുദ്രയും വഹിക്കാത്ത ഒരു വ്യക്തിയെ നിയോഗിച്ചതിനു പിന്നിലുള്ള വികാരം എന്തായിരുന്നാലും അതിനെ മാനിച്ചുകൊണ്ടു തന്നെയാണ് ഈ ലഘുകൃതിയെ ഞാൻ ആസ്വാദകർക്കായി തുറന്നു കൊടുക്കുന്നത്.

ഗ്രന്ഥകാരനെ പരിചയപ്പെടുത്തുവാൻ മുകളിൽ ചേർത്ത വിശേഷണപദങ്ങൾ പ്രസ്തുതത്തിൽ സവിശേഷ പ്രാധാന്യമുള്ളവയാണെന്നു തോന്നുന്നു. എന്തെന്നാൽ ഇവിടെ ഉള്ളടക്കത്തിൽ ഉടനീളം കാണുന്നത് സന്ന്യാസചൈതന്യം സ്ഫുരിക്കുന്ന കവിത്വമാണ്. കവിത, എല്ലാ കലകളേയും പോലെ, അതിന്റെ പരമഭാവത്തിൽ ഒരനുഭവമാണല്ലോ. ഈ അനുഭവത്തെ കവികൾ ഉപാസിക്കുന്ന ഒരു പരമസത്യത്തിന്റെ ചൈതന്യത്തിൽ ബന്ധിക്കാൻ കഴിയുമ്പോൾ അത് ആത്മ സാക്ഷാൽക്കാരത്തിന്റെ ഭാഗം തന്നെയാകും. ഈ ആത്മസാക്ഷാൽക്കാരത്തിലൂടെ ആദ്ധ്യാത്മിക ചൈതന്യം

ദർശിക്കുവാൻ കഴിയുന്നവരാണ് യോഗാനുഭൂതിയിലെത്തുക. അവരുടെ വികാരപ്രപഞ്ചനകൗതുകമാണ് മിക്കപ്പോഴും യോഗാത്മക അഥവാ മിസ്റ്ററിക് കാവ്യങ്ങളിൽക്കാണുന്നത്.

ഈ മിസ്റ്ററിക്കനുഭവമാകട്ടെ അസുലഭമായ ഒന്നാകുന്നു. സങ്കീർത്തനങ്ങൾ പോലെയുള്ള പഴയ നിയമഗ്രന്ഥങ്ങളിൽ ചിലതിലും, ഫ്രാൻസിസ് അസ്സീസി. ജോൺ ഓഫ് ദി ക്രോസ്സ് തുടങ്ങിയ പുണ്യാത്മാക്കളുടെ അനുഭൂതി തീവ്രമായ രചനകളിലും, സെൻറ് അഗസ്ററിൻെറ കൺഫെഷൻസ്, ഒസ്ക്കാർവൈൽഡിൻെറ ഡീപ്രൊഫൻഡിസ് എന്നീ ആത്മാനുതാപകൃതികളിലുമൊക്കെ ഒരു ദിവ്യസംയോഗത്തിൽനിന്നു മാത്രം ജനിക്കാവുന്ന അനുഭൂതി രഹസ്യം ഒളിവീശാതിരിക്കുന്നില്ല ബാഹ്യ ജീവിതത്തിൻെറ സങ്കീർണ്ണസംഭ്രമങ്ങളിൽപ്പെട്ടുഴലുകയും ദൈവസാന്നിദ്ധ്യത്തിൽ മാത്രം സാക്ഷാൽക്കാര സൗഖ്യം ഇഛിക്കുകയും ചെയ്യുന്ന തരത്തിലാണ് ഇവയിലൊക്കെ പ്രതിപാദനം പോകുന്നത്.

സ്വാഭാവികമായിത്തന്നെ, അന്വേഷണവും കണ്ടെത്തലും കീഴടങ്ങലും ഇത്തരം ഇതിവൃത്തങ്ങളിൽ അനുപേക്ഷണീയമാകുന്നു. ജീവാത്മപരമാത്മബന്ധം

ശരിയ്ക്കും ഈ അന്വേഷണത്തിലാണ് ആരംഭിക്കുന്നതെന്നു പറയാം. 'നേതി, നേതി' എന്ന് സംസാരപ്രതിഭാസങ്ങളെ വിട്ട് ബ്രഹ്മസായുജ്യം പ്രാപിക്കുന്നവരും, രാധാമാധവബന്ധത്തിൻെറ താത്വികാവലോകനത്തിൽ പരമാത്മവിഷയകമായ ജീവാത്മപര്യവേക്ഷണം സാധിക്കുന്നവരും ഇതിനെത്തന്നെയാണ് ഉന്നയിക്കുന്നത്. അത്തരമൊരു ധാർമ്മിക സമർപ്പണത്തിന് തയ്യാറാകുന്ന ഒരു കവിയെ നാം ഇവിടെ പരിചയപ്പെടുന്നു.

"എന്നിലെ ഓരോ പരമാണുവും
നിൻെറ കുളിരിൽ വിശ്രമം കണ്ടെത്തി.
നിൻെറ തലോടലിൽ
എൻെറ ആത്മാവു പൂത്തുവിരിഞ്ഞു
ആഴങ്ങളിലേയ്ക്കു നീ കടന്നുവരിക."

എന്നൊക്കെ ഈ ആത്മാവ് അർത്ഥിക്കുന്നു. ഈ കൃതിയുടെ ഒന്നാം പകുതിയായ 'നിന്നെത്തേടി' എന്നിടത്തു കാണുന്ന ഈ ആദ്ധ്യാത്മികാനുരാഗം രണ്ടാം പകുതിയിൽ, 'സാമീപ്യ'ത്തിൽ മൂർത്തമായ ഒരു മഹിത സങ്കൽപത്തിൽ എത്തുകയാണ്, നോക്കുക:

"നിൻെറ കരവലയത്തിനുള്ളിൽ
എന്നെ ബന്ധിക്കൂ
ഈ ബന്ധനത്തിൽ നിന്ന്
ഞാനൊരിക്കലും
മുക്തനാവാതെയിരുന്നെങ്കിൽ."

സ്വത്വത്തെ സമർപ്പിച്ചുകൊണ്ടുള്ള ഈ കണ്ടെത്തൽ പ്രകൃത്യുപാസനയിൽ നിന്ന് വ്യതിരിക്തമല്ല. ചക്രവാളം തൊട്ടു ചക്രവാളം വരെ നീളുന്ന ദിവ്യഹസ്തം പുല്ലിനേയും പൂവിനേയും തൊട്ടുണർത്തുമ്പോൾ അവ രോമാഞ്ചകഞ്ചുകമണിയുന്നത് കവിയെ സഞ്ചലിപ്പിക്കുന്നു. സൃഷ്ടികളിലൂടെ സ്രഷ്ടാവിനെ കാണാൻ കഴിയുന്നു ഇവിടെ കവിയ്ക്ക്. കരുണാമയ പ്രകൃതിപോലെ ഈശ്വരനെ പ്രതീയമാനമാക്കാൻ എന്തിനാണു കഴിയുന്നത്? തനിക്കായി മാർകഞ്ചുകം അഴിച്ച് സ്തന്യം ചുരത്തിത്തരാൻ ഈശ്വരസാന്നിദ്ധ്യത്തെ ഉപാസിച്ചുകൊണ്ട് ഫ്രാൻസിസ് തോംപ്സൻ പ്രകൃതിയോടർത്ഥിക്കുന്നത് ഇവിടെ അനുസ്മരിക്കുക. ടാഗോറിൻെറ ഗീതാഞ്ജലിയിലും ഇതേഭാവം പ്രകടമാണല്ലോ.

ഇവിടെ ഉപാസിക്കപ്പെടുന്ന ഈശ്വര ചൈതന്യത്തിന് മൂർത്തമായ ഭാവങ്ങൾ ധാരാളമുണ്ട്. കൊട്ടാരം വെടിഞ്ഞ് കുടിലിനെ ജൻമഗേഹമാക്കുവാനും (നിന്നെത്തേടി V) അദ്ധ്വാനിക്കുന്നവൻെറ കൂടെ ചരിക്കുവാനും (VI) മടിക്കാത്ത ആ പതിതകാരുണികൻ കാൽവരിയിൽ ദാഹിക്കുന്ന മനുഷ്യപുത്രൻ തന്നെ (XVI). ഈശ്വരൻെറ പേരിൽ ഇന്നു നടക്കുന്ന അനാശാസ്യതകളോട് തെല്ലൊരു അസഹിഷ്ണുത കവിയ്ക്കില്ലാതില്ല. കൃത്രിമങ്ങളെ വെടിഞ്ഞ് മറയില്ലാതെ ആത്മസന്തർപ്പണം ചെയ്യാനാണ് കവി ആഗ്രഹിക്കുന്നത്. വേഷങ്ങൾ ഉരിഞ്ഞുകളയാനും, ആഭരണങ്ങൾ എറിഞ്ഞുകളയാനും അങ്ങനെ നാട്യമവസാനിപ്പിയ്ക്കാനും തനിക്കു ശക്തിയുണ്ടാകണമെന്നത്രേ അർത്ഥന. എങ്കിൽ മാത്രമേ നിത്യപ്രതീക്ഷിതമായ ദിവ്യസാമീപ്യം ലഭിക്കൂ. കാടിലും, മേടിലും ഓടിയൊളിക്കാൻ അനുവദിക്കാതെ വേട്ടപട്ടിയെപ്പോലെ ശക്തങ്ങളായ അദൃശ്യനയനങ്ങൾ ഉപാസകനെ പിന്തുടരാതെയിരിക്കയില്ല. തോംപ്സൻെറ വിഖ്യാതമായ 'ഹൗണ്ട് ഓഫ് ഹെവൻ' എന്ന

കവിതയിലേതിനു സമാനമായ ദർശനം നമ്മുടെ കവിയ്ക്കും ഉണ്ട്. 'നിന്നെ ത്തേടി' എന്ന ഖണ്ഡത്തിൻെറ പതിന്നാലാം ഭാഗം ഈ ഭാവത്തെയാണു വ്യക്തമാക്കുന്നത്.

"നിൻെറ സന്നിധാനത്തിൽനിന്ന്-
ഒളിച്ചോടാൻ
എത്രയോതവണ ഞാൻആഗ്രഹിച്ചു?...
എല്ലായിടത്തും ഞാൻ തോററു;
നീ എന്നെ പരാജയപ്പെടുത്തി....
എനിക്കിനി ഒളിക്കാൻ ഇടമില്ല."

എന്നിങ്ങനെ പോകുന്നു ആ ഏററുപറച്ചിൽ. കളിയച്ഛനായ ഗുരുവിനെ ധിക്കരിച്ച് തിൻമ സ്വയം വരിച്ച് ഒളിച്ചോടാൻ ശ്രമിച്ച് പരാജയപ്പെടുന്ന ശിഷ്യനേപ്പോലെ പാപിയായ മനുഷ്യൻ ഈശ്വരനെ ഒഴിവാക്കാൻ ശ്രമിക്കുന്ന ദീനവും, വിഫലവുമായ ചിത്രം ഒരു മലയാള കവി പണ്ടേ അവതരിപ്പിച്ചത് ഇവിടെ ഓർത്തുപോകുന്നു.

ഇങ്ങനെ ആസ്തിക ബുദ്ധിയിൽ നിന്ന് ഉദ്ഭൂതമായ കവിത്വമാണ് ജ്ഞാനദാസ്സിൻെറ ശക്തി. ഒരു ദിവ്യമായ അനുഭൂതിയായി വാക്കുകളെ സം

ക്രമിപ്പിക്കാൻ കവിയ്ക്കു കഴിയുന്നത് ഈ ബലം കൊണ്ടാണെന്നു ഞാൻ കരുതുന്നു. 'ഓടക്കുഴൽ' എന്ന പ്രഥിത മലയാള കവിതയിലെ ഒരു കഷണം കടമെടുത്ത് ഈ മനോഭാവത്തെ വിശേഷിപ്പിക്കട്ടെ:

> ''മാനസമാദക, ലോകൈക ഗായക,
> ഗാനമായങ്ങെന്നിൽ വർത്തിക്കുന്നു;
> അല്ലെങ്കിലിജ്ജഡസാധനം വല്ലുമോ
> വല്ലതും ഹൃഷ്ടമായാലപിക്കാൻ.''

നമ്മുടെ കവിയാകട്ടെ താൻ കണ്ടെത്തുന്ന തുടക്കവും ഒടുക്കവുമായ സന്നിധാനത്തിൽ മുത്തു വിളയിക്കുന്നു. ''സത്യവും ജീവനും മാർഗ്ഗവും നീ തന്നെയാകുന്നു'' എന്ന് തീവ്രമായ ഒരു ആത്മീയാനുരക്തിയിൽ വിളിച്ചുപറയുന്ന കവി, ആ വാക്കുകളിലൂടെ ഉണ്മ കാണുന്നു; കാട്ടിത്തരുകയും ചെയ്യുന്നു.

'നിന്നെത്തേടി' എന്ന അന്വേഷണവ്യഗ്രമായ പ്രയാണത്തിലൂടെ 'സാമീപ്യം' എന്ന മുഗ്ധലക്ഷ്യത്തിലെത്തുന്ന കവി വികാരാഭിസംക്രമണത്തിന് ഛന്ദസ്സുകളെ അവലംബിക്കുന്നില്ല. വികാരമാണു കാവ്യം, രൂപമല്ല എന്ന് അംഗീകരിക്ക

പ്പെട്ടിരിക്കെ ഇതിൻെറ രൂപത്തെച്ചൊല്ലി എന്തിനൊരു ക്ഷമാപണം? നേരത്തെ പറഞ്ഞതുപോലെ കവിതയെ ഒരു അനുഭവമാക്കി പകരുവാൻ ജ്ഞാനദാസ്സിനു കഴിഞ്ഞിരിക്കുന്നു. ആ ആത്മാർത്ഥതയെ അംഗീകരിക്കാതെയിരിക്കാൻ ആർക്കു കഴിയും?

ഇക്കൃതിയെ അനുവാചകർക്കു വേണ്ടി അവതരിപ്പിക്കുക എന്ന കടമ നേരത്തേ തന്നെ നിർവ്വഹിച്ചിരിക്കെ, പുനരുക്തിയ്ക്കു പ്രസക്തിയില്ലല്ലോ.

പ്രൊഫ. എൻ. എസ്. സെബാസ്റ്റ്യൻ

ചങ്ങനാശ്ശേരി
5 ജനുവരി 1981

# നിന്നെത്തേടി

## I

എല്ലാം ഉപേക്ഷിച്ച് നിന്നെത്തേടിയിറ-
ങ്ങിയപ്പോൾ
ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ.
നിന്നെ കാണണം
നിൻെറ സാന്നിദ്ധ്യത്തിൽ വസിക്കണം.

നിൻെറ ദർശനവും കാത്ത്,
എത്രയുഗങ്ങൾ തപസ്സുചെയ്തു....
നാടും കാടും ചുററി സഞ്ചരിച്ചു
പ്രതീക്ഷിക്കാത്തിടത്തു നീ ദർശനം-
നൽകി....
പൂവും മലരുമില്ലാത്തിടത്ത്,
നീപൂജയാവശ്യപ്പെട്ടു.

കാണാൻ കൊതിച്ചപ്പോൾ
നീ വന്നില്ല.
കേൾക്കാൻ ശ്രദ്ധിച്ചുനിന്നപ്പോൾ
നീ ശബ്ദിച്ചില്ല;
ആലിംഗനം ചെയ്യാനടുത്തപ്പോൾ
നീയകന്നുപോയി ....

എന്നിട്ടും നിന്നെ ഞാൻ കണ്ടു....

## II

രാത്രിയുടെ അന്ത്യയാമങ്ങളിൽ,
ഇരുളിൻെറ നീർക്കയത്തിൽ,

ഒരു താമരമൊട്ടുപോലെ
നീ വിടർന്നുവികസിക്കുന്നതു
ഞാൻ കണ്ടു.
നിൻെറ ഇതളുകളിൽ,
പ്രസരിച്ചുനിന്ന പൊൻപ്രഭ
ഉഷസ്സ് ഒപ്പിയെടുക്കുന്നതു ഞാൻ കണ്ടു.
കൈ കൂപ്പണമെന്നു കരുതി.
പക്ഷേ, അതിനുമുമ്പേ
ഉഷസ്സിൽ ഞാൻ ലയിച്ചുപോയി.

ഉണർന്നപ്പോഠം
നിന്നെ അന്വേഷിച്ചു.
കണ്ടില്ല;
കരഠം പൊട്ടുന്ന സ്വരത്തിൽ
നിന്നെ വിളിച്ചു,
നീ കേട്ടില്ല.

## III

നിൻെറ പൊന്നമ്പലത്തിൽ,
നിന്നെ ഒരുനോക്കു കാണാൻ
കൊതിച്ചു ഞാൻ വന്നു.
ശ്രീകോവിലിൽ,
കത്തിയെരിയുന്ന കർപ്പൂരത്തിരികഠം-
ക്കിടയിൽ
നിന്നെ ഞാനന്വേഷിച്ചു.
നൈവേദ്യങ്ങളിൽ

നീ പ്രസാദിക്കുമെന്നു കരുതി.
പൂവും മലരും നെയ്യും
തിരുമുല്ക്കാഴ്ചയർപ്പിച്ചു
അതൊന്നും സ്വീകരിക്കാൻ നീ വന്നില്ല.

അമ്പലനടയിൽ
നിറമിഴികളുമായി നിന്ന മുത്തശ്ശി-
യുടെ അടുത്തേയ്ക്ക്
നീയെവിടെനിന്നോ വന്നു.
ഞാൻ കൊടുക്കാൻ മടിച്ച പ്രസാദം
നീയവർക്ക് വിളമ്പി.

ഞാൻ നിന്നെ വിളിച്ചില്ല–
പൂജ മുടക്കേണ്ടെന്നു കരുതി.
നീ വന്നതും പോയതും
ആരും അറിഞ്ഞില്ല.
ഭക്തജനം അപ്പോഴും
തങ്കവിഗ്രഹത്തിലേയ്ക്ക്
കണ്ണും നട്ടിരുന്നു.

## IV

അലയാഴിയുടെ തീരത്തുകൂടി ഞാൻ-
നടന്നു
തിരകരം തലോടുന്നതീരം
നനവൂറുന്ന മണലിൽ
കാൽപാടുകരം വിരചിച്ച്
ഞാൻ നടന്നു.

അതുമായ്ച്ചുകളയാൻ
മൽസരിക്കുന്ന തിരമാലകളോട്
വെറുപ്പുതോന്നി.
നിറമുള്ള കക്കകൾ പെറുക്കി
ആഴങ്ങളിലേയ്ക്കെറിഞ്ഞു.

തീരവും തിരമാലയും കണ്ടു-
നടക്കുമ്പോൾ
സന്ധ്യയുടെ മുഖം ചുവന്നുതുടുത്തു
അവളുടെ സൗന്ദര്യത്തിൽ
ലയിച്ചുപോയ ഞാൻ
നിന്നെ കണ്ടതേയില്ല.
നിൻെറ തേരുപോയ വഴിയിലെ
സിന്ദൂരപ്പൊടിമാത്രം ഞാൻ കണ്ടു.

എൻെറ നാഥാ !
എന്നു ഞാനുറക്കെവിളിച്ചു.
അപ്പോഴേയ്ക്കും
നീ പൊയ്ക്കഴിഞ്ഞിരുന്നു.

V

ആകാശത്ത്പൊന്നിൻതാരമുദിച്ചു
നിൻെറ തിരുപ്പിറവി !
രാജകീയപ്പിറവിയെ ഉൽഘോഷിക്കുന്ന
തങ്കനക്ഷത്രം നോക്കിനടന്നു.
രാജാവിൻെറ അരമനനോക്കിനടന്നു.
രാജ്ഞിയുടെമടിയിൽ,
പട്ടുവസ്ത്രങ്ങളണിഞ്ഞു ശയിക്കുന്ന
തമ്പുരാൻെറ
കുഞ്ഞിക്കാലുകൾ
തൊട്ടുവണങ്ങാൻ ആർത്തിയോടെ-
നടന്നു.

കൊട്ടാരത്തിൻെറ പടി കടന്നപ്പോഠം,
ആകാശത്ത് വഴികാട്ടിയിരുന്ന നക്ഷത്രം
പൊലിഞ്ഞു.

നീ കൊട്ടാരത്തിൽ പിറക്കാഞ്ഞതു-
കൊണ്ട്
അരമനയിലെ റാണി ദു:ഖിച്ചു.

അങ്ങു ദൂരെ,
ഒരു കുടിലിൻെറ മുകളിൽ
നിൻെറ നക്ഷത്രം
പ്രകാശിച്ചു നിൽക്കുന്നതു-
കണ്ടപ്പോഠം ഞെട്ടി.
ആ കുടിലും കടന്നല്ലെ
കൊട്ടാരത്തിലെ ഉണ്ണിയെ കാണാൻ-
വന്നത്

## VI

നഗരമദ്ധ്യത്തിൽ ഞങ്ങഠം നിനക്കായി
ഒരു ദേവാലയം പണുതുയർത്തി-
ഏഴുതാഴികക്കുടങ്ങളുള്ള ദേവാലയം
ശ്രീകോവിലിൽ പ്രതിഷ്ഠിക്കാൻ
ഒരു തങ്കവിഗ്രഹവും മെനഞ്ഞെടുത്തു.

ഹംസരഥത്തിൽ,
നിൻെറ തിരുസ്വരൂപവും എഴുന്നള്ളിച്ച്
ഞങ്ങഠം നഗരപ്രദക്ഷിണം നടത്തുമ്പോഠം
നീ കൈവണ്ടി വലിച്ചുകൊണ്ടു-
പോകുന്നതു
ഞാൻ കണ്ടു.

നിൻെറ നെററിയിൽനിന്നും
വിയർപ്പുകണങ്ങൾ
ഇററിററു വീഴുന്നുണ്ടായിരുന്നു.

ആരും നിന്നെ ശ്രദ്ധിച്ചില്ല.
ഞാൻ ആരോടും പറഞ്ഞതുമില്ല
നീ കൈവണ്ടി വലിക്കുന്നെന്നു–
പറഞ്ഞാൽ,
അവർ വിശ്വസിക്കില്ല
ഹംസരഥത്തിൽ നിന്നും
അവർ എന്നെ താഴെയിറക്കുകയും-
ചെയ്യും.
അതുകൊണ്ട്
നിൻെറ തനിത്തങ്കത്തിൽ തീർത്ത
സ്വരൂപത്തിലേയ്ക്കുനോക്കി-
ഞാനിരുന്നു.
അപ്പോഴും നിൻെറ വണ്ടിച്ചക്രങ്ങൾ
ഉരുളുന്ന ശബ്ദം
ഞാൻ കേൾക്കുന്നുണ്ടായിരുന്നു.

## VII

നിശാമദ്ധ്യത്തിൽ ഞാനുണർന്നു
നിൻെറ കാലൊച്ച കേട്ടുണർന്നു.
എൻെറ ഏകാന്തതയിലേയ്ക്കു
നീ കടന്നുവരികയാണെന്നു കരുതി.
കാതോർത്തു കിടന്നു,
നീ മുട്ടിവിളിക്കുന്ന ശബ്ദം കേൾക്കാൻ.

ആത്മാവിൽ ആയിരംതിരി കത്തിനിന്നു

കുന്തിരുക്കത്തിൻെറ സൗമ്യസൗരഭ്യം
അന്തരീക്ഷത്തിൽ മുററിനിന്നു.
ഹൃദയതന്ത്രികരം മുറുക്കി
നിനക്കായി ഞാൻ പാടി
സപ്തസ്വരങ്ങളിൽ പാടി.

നീ വന്നില്ല

നിൻെറ കാലൊച്ച
അവ്യക്തമായി തുടങ്ങിയപ്പോരം
ഹൃദയംപൊട്ടി ഞാൻ വിളിച്ചു.
'എൻെറ നാഥാ....'

നിൻെറ രാജവീഥിയിൽ
ആരോ വിതറിയ കുടമുല്ലപ്പൂക്കരം
മാത്രം ഞാൻ കണ്ടു.

## VIII

പ്രഭാതം പൊട്ടിവിടർന്നപ്പോരം,
പീടികത്തിണ്ണയിൽ
നീ ചുരുണ്ടു കിടക്കുന്നതു ഞാൻ കണ്ടു.
നിനക്കു പൂജയർപ്പിയ്ക്കാൻ,
സന്നിധാനത്തിലേയ്ക്കു
പോവുകയായിരുന്നു ഞാൻ.

എൻെറ മേലങ്കിയെങ്കിലും തന്ന്
നിൻെറ നഗ്നത മറയ്ക്കണമെന്നു
ഞാനാശിച്ചു.
പൂജമുടക്കേണ്ടെന്നു കരുതി.

നിന്നെ ശ്രദ്ധിക്കാതെ ഞാൻ-
കടന്നുപോയി.
ക്ഷേത്രനടയിൽ
നിൻെറ ദർശനവും കാത്തുനിന്ന—
ഭക്തജനം
നീ പീടികത്തിണ്ണയിൽ കിടക്കുന്നത്
കണ്ടുകാണില്ല.

ഭക്തൻമാർക്ക് പ്രസാദം
കൈക്കുമ്പിളിൽ പകരുമ്പോൾ
നീ പീടികത്തിണ്ണയിലിരുന്നു
പുഞ്ചിരി തൂകുന്നതു ഞാൻ കണ്ടു.

## IX

നിൻെറ നാമത്തിൽ
എത്രയെത്ര മഹാസമ്മേളനങ്ങൾ,
മഹാ യോഗങ്ങൾ
ഞങ്ങൾ വിളിച്ചുകൂട്ടി.
അവിടെയെങ്ങും നീ കടന്നുവന്നില്ല.
എന്നിട്ടും,
നിൻെറ നാമത്തിൽ ഭദ്രദീപം കൊളുത്തി.

തിരുനാമസങ്കീർത്തനങ്ങൾ ആലപിച്ചു.
ഗുരുഗീതവായിച്ച് വ്യാഖ്യാനിച്ചു.

അപ്പോഴൊക്കെ,
മലയിടുക്കുകളിലും കടലോരങ്ങളിലും
നിൻെറ ശബ്ദത്തിൻെറ പ്രതിധ്വനി-
ഞാൻ കേട്ടു

നിന്നെ കേഠക്കാൻ
പണ്ഡിത സദസ്സില്ലായിരുന്നു
കേട്ടവർ വ്യാഖ്യാനം ആവശ്യപ്പെട്ടതുമില്ല.

കൃഷിസ്ഥലത്തും ചന്തസ്ഥലത്തും
നിന്നെ ഞാൻ തിരിച്ചറിഞ്ഞു.
അപ്പോഠ,
നിന്നോടു സംസാരിക്കാനുള്ള ധൈര്യം
എനിക്കില്ലായിരുന്നു.

## X

ഏഴാംകടലിനക്കരെയെത്തുംമുമ്പേ
നിന്നെ ഞാൻ തിരിച്ചറിഞ്ഞു.
ഇക്കരെവെച്ചുതന്നെ
നീയെന്നെ തടഞ്ഞു.
നീയെന്നെ കൂവിവിളിച്ചു
പരിഹസിക്കുകയും നിന്ദിക്കുകയും-
ചെയ്തു

നിനക്കപ്പോഠ,
ആയിരം നാവുകളുണ്ടായിരുന്നു.

നിൻെറ കണ്ണിൽനിന്ന്
തീക്കനലുകഠ പറക്കുന്നതു ഞാൻ കണ്ടു.
ആയിരം തീനാളങ്ങഠ,
എന്നെ വിഴുങ്ങാൻ ഓടിയടുത്തു.

നിൻെറ ചൂടിൽ ദഹിക്കുന്നതിനുമുമ്പേ
ഞാനിറങ്ങിയോടി.

## XI

ഈ കടൽത്തീരത്ത്
എന്തെന്തു പ്രതീക്ഷകളോടെയാണ്
ഞാനെൻെറ കളിവീടു കെട്ടിയത്.
എൻെറ ജീവിതത്തിൻെറ
ആകെത്തുകയായിരുന്നു അത്.
കളിത്തോഴിയുമൊത്ത്
ഒരന്തിയുറങ്ങുന്നതിനുമുമ്പ്
നീ അതു തട്ടിക്കളഞ്ഞു.

എൻെറ കളിവീട്
ഓളങ്ങളിൽ ഒഴുകി നടക്കുന്നതു–
കണ്ടപ്പോൾ,
നിൻെറ കാല്പാടുകൾ
തീരങ്ങളിൽ ഞാൻ കണ്ടു.
കാല്പാടുകളിൽ മുഖമമർത്തി
ഞാൻ തേങ്ങിക്കരഞ്ഞു.

## XII

ഹിരോഷിമയിൽവെച്ച്
നിന്നെ ഞാൻ കണ്ടു.
വിയറ്റ്നാമിലും ബംഗ്ലാദേശിലും
നീയുണ്ടായിരുന്നു.
കാരിയത്തീയുണ്ടകൾക്കിടയിലൂടെ
ചത്തശവങ്ങളും തോളിൽ–
വഹിച്ചുകൊണ്ട്
നീ നടന്നുപോകുന്നതു കണ്ടപ്പോൾ
ആത്മാർത്ഥമായി ഞാൻ ദു:ഖിച്ചു.

നിൻെറയടുത്തേയ്ക്ക്
ഓടിവരണമെന്ന് ആഗ്രഹമുണ്ടാ-
യിരുന്നു.
ഒരു ശവം തോളിലേററി
നിന്നെ സഹായിക്കണമെന്നുണ്ടായിരുന്നു

ആകാശം വർഷിച്ച വിഷക്കനികളെ
ഞാൻ ഭയന്നു
തോക്കുകൾ തുപ്പിയ തീക്കനലുകളെ
ഞാൻ ഭയന്നു.

തിരുസ്വരൂപത്തിനുമുമ്പിൽ—
മുട്ടുകുത്തി
'നിൻെറ രാജ്യം വരേണമേ'
എന്നു പ്രാർത്ഥിച്ചു.

## XIII

ആകാശം കറുത്തിരുണ്ടപ്പോൾ
ഞാൻ ഭയന്നു വിറച്ചു.
'എൻെറ നാഥാ'
എന്നുറക്കെ ഞാൻ വിളിച്ചു.
അപ്പോൾ മേഘത്തട്ടിൽ
നിൻെറ കാലൊച്ച ഞാൻ കേട്ടു.
നീർപ്പാളികൾക്കിടയിലൂടെ
തങ്കക്കതിരുകൾ ഇറങ്ങിവന്നപ്പോൾ
നീ എൻെറ അടുത്തേയ്ക്കു
വരികയാണെന്നു കരുതി.

നിൻെറ പാദപത്മങ്ങരം പതിഞ്ഞപ്പോരം,
നീലമേഘങ്ങരംക്ക് രോമാഞ്ചമുണ്ടായി.
നിൻെറ നിശ്വാസമേററപ്പോരം,
ആകാശങ്ങരം കുളിരുപെയ്തു.

നീരുറവകളും നീർച്ചോലകളും കണ്ട്
ഞാൻ വിതുമ്മിക്കരഞ്ഞു.

## XIV

നിൻെറ സന്നിധാനത്തിൽനിന്ന്
ഒളിച്ചോടാൻ
എത്രയോ തവണ ഞാനാഗ്രഹിച്ചു.
ആഗ്രഹിച്ചുവെന്നുമാത്രമല്ല,
എന്തൊക്കെ ചെയ്തു.
നിൻെറ ഒരു തരിപ്രകാശംപോലും—
കടക്കാതിരിക്കാൻ
കനത്ത മതിലുകരം കെട്ടി.
നീയെന്നെ തിരിച്ചറിയാതിരിക്കാൻ
മുഖംമൂടികരം വെച്ചു.

എല്ലായിടത്തും ഞാൻ തോററു....
നീയെന്നെ പരാജയപ്പെടുത്തി...

മതിലുകളെ ഭേദിച്ച്,
നിൻെറ പ്രകാശം കടന്നുവന്നു;
മുഖം മൂടിയ്ക്കുള്ളിലെ എന്നെ
നീ കണ്ടുപിടിച്ചു.
തോല്വി ഞാൻ സമ്മതിക്കുന്നു;
എനിക്കിനി ഒളിക്കാൻ ഇടമില്ല,
അവിടെയെല്ലാം നീയുമുണ്ട്....

നിനക്കു സ്തുതി പാടാതിരുന്നപ്പോഠം
നീ ദൂരെയല്ലായിരുന്നു;
കല്ലിൽ തട്ടിവീണപ്പോഠം നീയോടിവന്നു.
മുഖത്തുനോക്കി നിന്നെ നിഷേധി–
ച്ചപ്പോഠം
നീ പുഞ്ചിരിച്ചു.

ഞാൻ കീഴടങ്ങുന്നു.
നിൻെറ വിജയത്തിലാണെൻെറ ആനന്ദം..
നിൻെറ സന്നിധാനമാണെൻെറ–
അഭയസ്ഥാനം.
അവിടെ ഞാൻ സ്വതന്ത്രനാവുന്നു....

## XV

ഒരഗ്നിപർവ്വതംപോലെ
ഞാൻ തിളച്ചു നിന്നപ്പോഠം
ഒരു കുളുർ കാററായി നീ കടന്നുവന്നു
മന്ദമായെന്നെത്തലോടി...

എന്നിലെ ഓരോ പരമാണുവും
നിൻെറ കുളിരിൽ വിശ്രമം കണ്ടെത്തി
നിൻെറ തലോടലിൽ എൻെറ ആത്മാവ്
പൂത്തുവിരിഞ്ഞു.

ആഴങ്ങളിലേയ്ക്കു നീ കടന്നുവരിക....
നിൻെറ മൃദുലമായ സ്പർശനത്തിൽ
ഞാൻ ഉൻമത്തനാകുന്നത് കാണുന്നില്ലേ

## XVI

'എനിക്കു ദാഹിക്കുന്നു,
എനിക്കു ദാഹിക്കുന്നു'
മനുഷ്യപുത്രൻെറ ദാഹം,
കാൽവരിയുടെ ദാഹം.

എനിക്കു വേണ്ടത് മഴയാണ്,
തോരാത്ത മഴ....
ആകാശത്തിൽ കാർമേഘങ്ങൾ
ഉരുണ്ടുകൂടിയതുകൊണ്ട്
എൻെറ ദാഹം ശമിക്കുമോ ?
മിന്നൽപിണരുകൾ കണ്ടാൽ
തീരുന്ന തൃഷ്ണയാണോ ഇത് !
നിൻെറ മേഘം പെയ്യട്ടെ
ഈ മരുഭൂമി മലർവാടിയായി മാററട്ടെ.

## XVII

നാഥാ,
എനിക്ക് എന്തൊക്കെയോ പറയണ-
മെന്നുണ്ട്.

വാക്കുകൾ തപ്പിവലയുന്നു;
എൻെറ നിശ്ശബ്ദതയ്ക്കു-
ശബ്ദമില്ലേ ?

ഈ ശബ്ദത്തിനർത്ഥമില്ലേ ?
ശബ്ദവും അർത്ഥവും നീ തന്നെയല്ലേ?

എഴുതപ്പെടാത്ത ഭാഷ വായിക്കാൻ
നിശ്ശബ്ദതയുടെ ശബ്ദം ശ്രവിക്കാൻ
ശൂന്യതയുടെ അർത്ഥം ഗ്രഹിക്കാൻ
നിനക്കല്ലേ കഴിയൂ.

എൻെറ മന്ദഹാസത്തിൽ വിരിയുന്ന—
ശോകവും
എൻെറ പുഞ്ചിരിയിലൂറുന്ന ദു:ഖവും
നീ കാണുന്നില്ലേ ?
കാണുന്നുണ്ടെങ്കിൽ എനിക്കതു മതി.
ദു:ഖത്തിൻെറ മുഖത്തു നോക്കി ഞാൻ—
പുഞ്ചിരിക്കുന്നത്
നീ കാണാൻ വേണ്ടിയാണ്;
നീ മാത്രം കാണാൻ.

## XVIII

ഞാനൊന്നു പാടിക്കൊള്ളട്ടെ,
നിൻെറ ഈ സംഗീത സദസ്സിൽ,
നിൻെറ ഈ ഗായകസംഘത്തിൽ
ശബ്ദമില്ലാതെ, താളമില്ലാതെ.

നിൻെറ സംഗീതം അവിരാമമായി
ഒഴുകിക്കൊണ്ടിരിക്കെ
ഞാനെങ്ങിനെ പാടും ?
നിത്യഗായകാ, നിറുത്താതെ പാടുക.

നിൻെറ ആത്മഗീതത്തിൻെറ
ആരോഹണാവരോഹണങ്ങൾ
ഇവിടെ നിറഞ്ഞുനിൽക്കുന്നു.
അതിൻെറ ലയത്തിൽ
ഉദയാസ്തമനങ്ങളുണ്ടാകുന്നു;
പൂക്കൾ വിരിയുന്നു,
പുഴകൾ ഒഴുകുന്നു....
ഞാനും ഒഴുകിക്കൊണ്ടിരിക്കുന്നു....
നിത്യ ഗായകാ, നിറുത്താതെ പാടുക.

## XIX

നിന്നെ നോക്കി ഞാനുറങ്ങി
നിന്നെ സ്വപ്നം കണ്ടുറങ്ങി.
നിന്നെ നോക്കി ഞാനുണരുന്നു.
ഒരു ദിവസത്തെ ദൂരംകൂടി ഞാൻ-
പിന്നിട്ടിരിക്കുന്നു.
ഒരു ദിവസംകൂടി ഞാൻ നിന്നോടടു-
ത്തിരിക്കുന്നു.

നാഥാ,

നിൻെറ ഉദയം എത്ര നന്നായിരിക്കുന്നു..
ചക്രവാളംതൊട്ട് ചക്രവാളംവരെ
നിൻെറ കൈ നീളുന്നു....
പുല്ലിനേയും പൂവിനേയും നീ-
തൊട്ടുണർത്തുന്നു.
നിൻെറ സ്പർശനത്തിൽ അവ
രോമാഞ്ചകുഞ്ചുകമണിഞ്ഞു—
നിൽക്കുന്നു....
തരുനിരകരം ആനന്ദ നൃത്തമാടുന്നു....
നിൻെറ ദർശനത്തിൽ സാഗരം—
എല്ലാം മറന്ന്
നിന്നിലേയ്ക്കു കുതിക്കുന്നു....
ഞാനും എല്ലാം മറന്നുപോകുന്നു....
നിന്നെമാത്രം ഞാൻ കാണുന്നു....
നീയാകുന്നു സത്യം,
നീയാകുന്നു ജീവൻ,
നീയാകുന്നു മാർഗ്ഗം,
സത്യവും ജീവനും മാർഗ്ഗവും—
നീതന്നെയാകുന്നു.

# സാമീപ്യം

സന്നിധാനം,

അവിടെയാണു തുടക്കം
അവിടെയാണൊടുക്കം.
ഞാൻ തുടങ്ങി, സന്നിധാനത്തിൽ
ഞാൻ തുടരുന്നു, സന്നിധാനത്തിൽ
സന്നിധാനത്തിലെ ശബ്ദം,
നിശ്ശബ്ദത !
അതിൻെറ ലിപി, വർണ്ണങ്ങൾ,
ഒന്നും സുഗ്രഹമല്ല....
അത് എനിക്കും നിനക്കും വേണ്ടി
മാത്രമുള്ളതാണ്.
എന്നിട്ടും
അതിനു ശബ്ദമുണ്ടാകുന്നു,
ലിപികളുണ്ടാകുന്നു....
വർണ്ണങ്ങൾ ! വാക്കുകൾ....
അത് നിനക്കു മനസ്സിലാവും,
നിനക്കുമാത്രം....

പ്രകാശ്

വാക്കുകളുടെ പരിമിതിയിൽ-
വിശ്വസിക്കുന്നവൻ
അവൻ എല്ലാം ഭാഷയിലൂടെ
ആവിഷ്കരിക്കുന്നു....
ഞാൻ പറയുന്നതൊന്നും അവനു–
മനസ്സിലാവില്ല....
എന്നല്ല, പലപ്പോഴും തെററിദ്ധരി–
ക്കുന്നു.
അവൻെറ മുമ്പിൽ ഞാനെന്തു–
പാടുപെടുന്നു.
അവൻെറ യുക്തിക്കു നിരക്കാത്ത
എൻെറ ഭാഷ....
അവൻെറ ഭാഷയിലൊതുങ്ങാത്ത–
എൻെറ ഭാവം.

രജനി

വാക്കുകളുടെ സാധ്യതകളിൽ–
വിശ്വസിക്കുന്നവൾ.
വാക്കുകൾക്കു ജൻമം നൽകുന്നവൾ.
ഭാവങ്ങൾ ശബ്ദങ്ങളായി–
ഉരുത്തിരിയുന്നു....
വർണ്ണങ്ങൾ! വർണ്ണരാജികൾ!
ദീപങ്ങൾ ! ദീപശതങ്ങൾ !
എല്ലാം രജനിയുടെ ഭാവഭേദങ്ങൾ.

ഈ രാത്രി !

നിറയെ പൂക്കാം !
നോക്കിനിൽക്കെ പൊട്ടിവിരിയുന്ന-
പൂക്കാം.!

ഈ മരം !
അനന്തതയോളം വളർന്നുനിൽക്കുന്ന മരം!
സ്വർണ്ണ നിറമുള്ള
തങ്കക്കതിരുള്ള
പൂക്കാം വിരിയുന്ന മരം....
അതിന്റെ ചുവട്ടിൽ ഞാനിരുന്നു....
നിന്റെ സന്നിധാനം
അവിടെ പുഷ്പ സമൃദ്ധി
അവിടെ പുഷ്പ സുഗന്ധം.

നീ .... !

നീയാരാണ് ?
എനിക്കിഷ്ടമില്ല.
അത് ഞാൻ പറഞ്ഞതാണ്.
എന്നിട്ടും നീ സമ്മതിച്ചില്ല...
നിനക്കിഷ്ടമുള്ളിടത്തേയ്ക്ക്
നീയെന്നെ തെളിക്കുന്നു....
വലിച്ചിഴയ്ക്കുന്നു...
ഞാൻ ചോദിച്ചു:
നീയാരാണ് ?

നീയൊന്നും പറഞ്ഞില്ല.
നിൻെറ വഴി,
നിൻെറ ഇഷ്ടം,
നിൻെറ സന്നിധാനം.

ഓഹോ !

ശരിയും തെററും !
വയറു പൊരിയുന്നവർക്ക്
തെരുവിലുറങ്ങുന്നവർക്ക് !

ഞങ്ങളുടെ നഗ്നത കണ്ടവർ
ചിരിക്കുന്നതു നീ കണ്ടില്ലേ ?
ഞങ്ങളുടെ ഒട്ടിയ വയറിനുനേരേ
പുറംതിരിഞ്ഞു നിൽക്കുന്നതു
നീ കണ്ടില്ലേ...

എനിക്കു തെററി ...
ഞങ്ങളുടെകൂടെ നീയുണ്ടായിരുന്നു.
നമ്മുടെ നഗ്നത കണ്ട് അവർ ചിരിച്ചു.
നമ്മുടെ ഒട്ടിയ വയറിനുനേരേ
അവർ പുറം തിരിഞ്ഞുനിന്നു....

നിൻെറ സന്നിധാനം !
അവിടെ മനുഷ്യർക്കു വിശക്കുന്നു.

എനിക്ക് പററില്ലെന്നുപറഞ്ഞില്ലേ?
നീ സമ്മതിച്ചില്ല.
നീ വിരൂപൻ!
ദേഹമെല്ലാം വ്രണങ്ങൾ നിറഞ്ഞവൻ!
ദരിദ്രൻ!
നിന്നെ സ്നേഹിക്കാനോ?

ഞാൻ പൂക്കളെ തേടി...
പൂമ്പാററകളെ തേടി ..
അപ്പോഴും നീയെൻെറ
മുൻപിൽ ഉണ്ടായിരുന്നു.
നിൻെറ സന്നിധാനം
അവിടെ വ്രണങ്ങൾ മണക്കുന്നു...

നീ....

ഉദിച്ചുദിച്ചുയരുന്നു....
നിൻെറ ആയിരം കൈകൾ നീളുന്നു
നീയെന്നെ തൊടുന്നു....
ഞാൻ മഞ്ഞുപോലെ വെളുക്കുന്നു.
മഞ്ഞുപോലെ ഉരുകുന്നു
ഹാ.... ഹാ
ഹാ .... ഹാ .... ഹാ ....
നിൻെറ കൈകൾ! നിൻെറ സുപ്രഭാത....
നിൻെറ സന്നിധാനം....

പുഴുതപസ്സിരുന്നു
പുഴുവിനു ചിറകുമുളച്ചു.
പുഴു പറന്നു നടന്നു.

കാട്ടാളൻ തപസ്സിരുന്നു...
വല്മീകം പൊട്ടിവിരിഞ്ഞു
വാല്മീകി ഉയിർത്തെഴുന്നേററു

നിൻെറ സന്നിധാനം !
അവിടെ പുഴുവിനു ചിറകു–
മുളയ്ക്കുന്നു....
വല്മീകം പൊട്ടിവിരിയുന്നു.

നീ

അരുതെന്നു പറഞ്ഞു
ചെയ്യരുതെന്നു പറഞ്ഞു:

ഞാൻ

അതു തിരുത്തിപ്പറഞ്ഞു
എനിക്കു കൂനു പിടിച്ചു.
നിന്തിരുമുമ്പിൽ
നിവരാൻ വയ്യ,
എനിക്കു നിവരാൻ വയ്യ.
നിൻെറ സന്നിധാനം
അവിടെ മനുഷ്യനു കൂനു പിടിക്കുന്നു.

സർപ്പം !

നിൻെറ സന്നിധാനത്തിൽ
സർപ്പങ്ങരം
എവിടെ തിരിഞ്ഞു നോക്കിയാലും
ഫണമുയർത്തി നില്ക്കുന്ന-
സർപ്പങ്ങരം മാത്രം !

അതെൻെറ ശരീരമെല്ലാം
ഇഴഞ്ഞുനടക്കുന്നു.
എന്നെ കെട്ടിവരിയുന്നു.
അപ്പോഴും ഞാൻ നിൻെറ
നാമം ഉച്ചരിക്കുന്നു.
നിൻെറ സന്നിധാനം,
അവിടെ സർപ്പങ്ങൾ
ഫണമുയർത്തി നില്ക്കുന്നു.

നീ...

നീ നഗ്നൻ !
നിനക്കു വേഷങ്ങളില്ല,
ഭൂഷണങ്ങളില്ല.
നിനക്കഭിനയിക്കാനറിഞ്ഞുകൂടാ
നിൻെറ സന്നിധാനത്തിൽ
നഗ്നസൗന്ദര്യം !

എൻെറ വേഷങ്ങൾ
ഞാനുരിഞ്ഞു കളയട്ടെ,
ആഭരണങ്ങൾ എറിഞ്ഞുകളയട്ടെ,
നാട്യമവസാനിപ്പിക്കട്ടെ,
എനിക്കു ഞാനാവണം....
എനിക്കു നഗ്നനാവണം ...
നിൻെറ സന്നിധാനത്തിൽ
നഗ്നസൗന്ദര്യം !

കാലം !

സൂത്രധാരകൻ.
കറുത്തതിരശ്ശീല വലിച്ചുമാററി
നിൻെറ ഉദയം ...
നിൻെറ പാദപതനത്തിൽ
സംഗീതം ...
സംഗീതത്തിൻെറ തരംഗങ്ങളിൽ
രാഗപരാഗം...
രാഗപരാഗങ്ങളിൽ മധു
നിൻെറ സന്നിധാനത്തിൽ
മധുരം കിനിയുന്നു.

പതനം !

ഭയങ്കരമായ പതനം !
നീയെന്നെ അടിച്ചുവീഴ്ത്തി
നിൻെറ പാദാരവിന്ദങ്ങളിൽ
ഞാൻ വീണു...
തേങ്ങലുകരം മാത്രം
കണ്ണീർ മാത്രം...
ഇനിയും ഫണമുയർത്തി
ഞാനാടില്ല,
എൻെറ വിഷപ്പല്ലു നഷ്ടപ്പെട്ടി-
രിക്കുന്നു....
ഞാനിനി ഇഴഞ്ഞിഴഞ്ഞു നീങ്ങും.
നിൻെറ സന്നിധാനത്തിൽ
ഞാനിഴഞ്ഞു നടക്കുന്നു.....

നിൻെറ ആലയം.....
നിൻെറ പൊന്നമ്പലം.
അവിടെ
എൻെറ പൂജാപുഷ്പങ്ങളുമായ്
ഞാൻ വന്നു ...
നീ എൻെറ അടുത്തേയ്ക്ക്
വരുന്നതു ഞാൻ കണ്ടു ...
ഞാൻ കരഞ്ഞു ...
വിതുമ്പിക്കരഞ്ഞു.
നിൻെറ സന്നിധാനം
എന്നെ കരയിപ്പിക്കുന്നു.

തീരം ... ..
തീരം തിരയെത്തേടി ......
ആദ്യമാദ്യം
തീരം തിരയെതൊട്ടു...
പിന്നെ തിരയിലലിഞ്ഞു ....
ആഴങ്ങളിലാഴങ്ങളിൽ
ഓളങ്ങളമർന്നു;
മുത്തുകൾ കണ്ടു,
പവിഴം കണ്ടു....
നിൻെറ സന്നിധാനം.
അവിടെ മുത്തുകൾ വിളയുന്നു.

കുറെക്കൂടി അടുത്തു വരൂ...
നിൻെറ കരവലയത്തിനുള്ളിൽ
എന്നെ ബന്ധിക്കൂ ....
ഹാ ! ഈ ബന്ധനത്തിൽനിന്ന്
ഞാനൊരിക്കലും മുക്തനാവാതെയി-
രുന്നെങ്കിൽ
നിൻെറ നെഞ്ചോടുചേർത്ത്
എന്നെ അമർത്തൂ....
നിൻെറ അധരങ്ങളിൽ
ഞാൻ ചുംബിക്കട്ടെ ....
നിൻെറ അധരങ്ങളിൽ മധു....
എൻെറ അധരങ്ങളിൽ മധുരം
നിൻെറ പ്രാണൻ ഞാൻ ശ്വസിക്കട്ടെ !
നിൻെറ ആത്മാവിൽ ഞാനുറങ്ങട്ടെ !

---

L. F. NOVITIATE
200
KARUKUTTY

# സാമീപ്യം

## ജ്ഞാനദാസ്

"ആസ്തിക ബുദ്ധിയിൽനിന്ന് ഉദ്ഭൂതമായ കവിത്വമാണ് ജ്ഞാനദാസ്സിൻെറ ശക്തി. ഒരു ദിവ്യമായ അനുഭൂതിയായി വാക്കുകളെ സംക്രമിപ്പിക്കാൻ കവിയ്ക്കു കഴിയുന്നത് ഈ ബലംകൊണ്ടാണന്നു ഞാൻ കരുതുന്നു. കവി താൻ കണ്ടെത്തുന്ന തുടക്കവും ഒടുക്കവുമായ സന്നിധാനത്തിൽ മുത്തു വിളയിക്കുന്നു. 'സത്യവും ജീവനും മാർഗ്ഗവും നീ തന്നെയാകുന്നു' എന്ന് തീവ്രമായ ഒരു ആത്മീയാനുരക്തിയിൽ വിളിച്ചു പറയുന്ന കവി ആ വാക്കുകളിലൂടെ ഉണ്മ കാണുന്നു; കാട്ടിത്തരുകയും ചെയ്യുന്നു."

പ്രൊഫ. എൻ. എസ്. സെബാസ്റ്റ്യൻ

---

SAMEEPYAM

(Malayalam)

By Gnanadas



# സാമീപ്യം

ജ്ഞാനദാസ്

Indic Digital Archive Foundation
gpura.org